"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് - എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ക്ലർക്കായി അന്യത്രസേവന വ്യവസ്ഥയിൽജോലി ചെയ്തു വരുന്ന ക്രിസ്റ്റീന നിതയുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1401/2025/LBR തീയതി,തിരുവനന്തപുരം, 17-12-2025**

---

പരാമർശം:-

1. 10.05.2013 ലെ 42/2013/ധന നമ്പർ പരിപത്രം.
2. 28.11.2013 ലെ സ.ഉ. (അച്ചടി) നം. 580/2013/ധന.
3. 25.11.2022 ലെ സ.ഉ(സാധാ) നം. 1389/2022/തൊഴിൽ
4. 28.11.2023-ലെ സ.ഉ(സാധാ) നം. 1450/2023/തൊഴിൽ,
5. 19.10.2024-ലെ സ.ഉ(സാധാ) നം. 1085/2024/തൊഴിൽ
6. ശ്രീമതി. ക്രിസ്റ്റീന നിത സമർപ്പിച്ച 22.08.2025-ലെ അപേക്ഷ.
7. വ്യവസായ വാണിജ്യ ഡയറക്ടറുടെ 13.10.2025-ലെ DIC/4449/2022-EB1 നമ്പർ കത്ത്.
8. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 17.10.2025-ലെ ഇ1/340/2024/KSUWSSB നമ്പർ കത്ത്.
9. 27.11.2025-ലെ സ.ഉ(അച്ചടി) നം. 144/2025/ധന.

**ഉത്തരവ്**

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റായ ശ്രീമതി. ക്രിസ്റ്റീന നിതയ്ക്ക് പരാമർശം (3) പ്രകാരം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ക്ലർക്കായി അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നൽകുകയും പരാമർശം (4), (5) എന്നിവ പ്രകാരം അന്യത്രസേവന കാലാവധി ഒരോ വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

2. 18.12.2025-ന് മൂന്നുവർഷ കാലാവധി പൂർത്തിയാകുന്ന ശ്രീമതി. ക്രിസ്റ്റീന നിതയുടെ അന്യത്രസേവന കാലയളവ് 19.12.2025 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള ശിപാർശ, മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (8) പ്രകാരം ലഭ്യമാക്കിയിരുന്നു.

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റം ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ 10.11.2025 മുതൽ 18.12.2025 വരെ സേവന കാലാവധി പൂർത്തിയാകുന്ന ജീവനക്കാരുടെ അന്യത്രസേവനം 31.12.2025 വരെ ദീർഘിപ്പിച്ച് നൽകിയിരുന്ന പരാമർശം(9)-ന്റെ പരിധിയിൽ 18.12.2025-ൽ അന്യത്രസേവന കാലാവധി പൂർത്തിയാകുന്ന കേരള സംസ്ഥാന അസംഘടിത

തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ എറണാകുളം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ക്ലർക്കായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റായ ശ്രീമതി. ക്രിസ്റ്റീന നിതയും ഉൾപ്പെടുന്ന സാഹചര്യത്തിൽ, ശ്രീമതി. ക്രിസ്റ്റീന നിതയുടെ അന്യത്രസേവന കാലാവധി, അന്യത്ര സേവനം സംബന്ധിച്ച നിലവിലെ ചട്ടങ്ങൾക്കും പരാമർശം(1) സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി 01.01.2026 മുതൽ 18.12.2026 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റെറ്റി പി തോമസ്
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം
ശ്രീമതി. ക്രിസ്റ്റീന നിത. (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
Date: 17-12-2025 15:59:40
സെക്ഷൻ ഓഫീസർ

പകർപ്പ് - പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്.-ന്